# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 2095

07.07.2015 ൽ ബഹു: ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
മറുപടി പറയേണ്ടത്

## ശമ്പള പരിഷ്കരണം

**ചോദ്യം**

ശ്രീമതി. കെ.എസ്. സലീഖ

**ഉത്തരം**

ശ്രീ. കെ.എം. മാണി, ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാന ശമ്പള പരിഷ്കരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് നാളിതുവരെ ഉദ്യോഗസ്ഥ പ്രവർത്തനങ്ങൾക്കും മറ്റു പ്രവൃത്തികൾക്കുമായി കമ്മീഷൻ പ്രഖ്യാപനത്തിനുശേഷം ഓരോ വർഷവും സർക്കാർ ഖജനാവിൽ നിന്നും ചെലവായ തുക എത്ര ; വിശദാംശം ലഭ്യമാക്കുമോ ; | : | ശമ്പള പരിഷ്കരണ കമ്മീഷൻ പ്രവർത്തനങ്ങൾക്കായി 2014-15 സാമ്പത്തിക വർഷത്തിൽ ശമ്പള ഇനത്തിൽ 95,15,120/- രൂപയും, ശമ്പളേതര ഇനത്തിൽ 19,32,629/- രൂപയും നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ ശമ്പള ഇനത്തിൽ 25,44,148/- രൂപയും ശമ്പളേതര ഇനത്തിൽ 5,49,211/- രൂപയും ചെലവായിട്ടുണ്ട് (വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്). 2013-14 സാമ്പത്തിക വർഷം കമ്മീഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ചെലവുകളൊന്നും ഉണ്ടായിട്ടില്ല. ഇക്കാലയളവിൽ ചെയർമാൻ കമ്മീഷനിൽ നിന്ന് ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമായി യഥാക്രമം 9,16,434/- രൂപയും 1,51,207/- രൂപയും കൈപ്പറ്റിയിട്ടുണ്ട്. |
| (ബി) | ശമ്പള കമ്മീഷൻ ചെയർമാൻ ഇക്കാലയളവിൽ ഓരോവർഷവും ശമ്പളകമ്മീഷൻ, മറ്റു ഔദ്യോഗിക പ്രവർത്തനങ്ങൾ എന്നിവയിൽ നിന്നും സ്വീകരിച്ച സാമ്പത്തിക ആനുകൂല്യങ്ങൾ എത്ര എന്നു വ്യക്തമാക്കുമോ ; | : | |
| (സി) | നാളിതുവരെയുള്ള ശമ്പള കമ്മീഷൻ പ്രവർത്തനം എന്തെല്ലാം എന്നും പ്രസ്തുത കമ്മീഷൻ ഓഫീസ് എവിടെയെല്ലാം പ്രവർത്തിച്ചു എന്നും സ്ഥിരമായ ഒരു ഓഫീസ് കമ്മീഷന് ലഭിക്കാത്തതുമൂലം റിപ്പോർട്ട് അവതരണത്തിന് എന്തെങ്കിലും തടസ്സമുണ്ടായോ എന്നും അതിനു കാരണക്കാർ ആരെല്ലാം എന്നു വ്യക്തമാക്കുമോ ; | : | പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ 30.11.2013 തീയതിയിലെ സ.ഉ.(കൈ) നമ്പർ 583/2013/ധന ഉത്തരവ് പ്രകാരം നിലവിൽ വന്നു. കമ്മീഷൻ അതിന്റെ ചോദ്യാവലി പ്രസിദ്ധീകരിക്കുകയും തുടർന്ന് സംഘടനകൾ, വകുപ്പദ്ധ്യക്ഷൻമാർ, ഏഴാം കേന്ദ്ര ശമ്പള കമ്മീഷൻ എന്നിവയുമായി ചർച്ച നടത്തുകയുമുണ്ടായി. ആന്ധ്രാപ്രദേശ്, ഡൽഹി എന്നീ സംസ്ഥാനങ്ങളിൽ പഠനം നടത്തിയിട്ടുണ്ട്. ഇൻഷ്വറൻസ്, വിവര സാങ്കേതിക വിദ്യ, മാനവ വിഭവ ശേഷി വികസനം എന്നീ വിഷയങ്ങളിൽ അതതു മേഖലകളിലെ വിദഗ്ധരുടെയും, വിദഗ്ധ ഏജൻസികളുടെയും സേവനം കമ്മീഷൻ തേടുകയുണ്ടായി. ഇതിന്റെ തുടർച്ചയായി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള അന്തിമ പ്രവർത്തനങ്ങളിലാണ് കമ്മീഷൻ ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നത്. 2014 ആഗസ്റ്റ് മാസം വരെ കമ്മിഷൻ സെക്രട്ടറിയറ്റിലെ താല്ക്കാലിക ഓഫീസിലാണ് പ്രവർത്തിച്ചിരുന്നത്. അതിനു ശേഷം നാളിതുവരെ കമ്മീഷൻ പ്രവർത്തിക്കുന്നത് നന്ദൻകോട് സ്വരാജ് ഭവനിൽ കമ്മീഷന് അനുവദിച്ച ഓഫീസിലാണ്. സ്ഥിരമായ ഓഫീസ് സംവിധാനം ലഭിക്കാൻ ഉണ്ടായ കാലതാമസം മൂലം കൃത്യമായ രീതിയിൽ ഓഫീസ് പ്രവർത്തനം ആരംഭിക്കാൻ താമസമുണ്ടായി. |

| | | | |
|---|---|---|---|
| (ഡി) | കമ്മീഷൻ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായസഹകരണങ്ങൾ ഗവൺമെന്റും ധനവകുപ്പും യഥാസമയം നൽകിയോ എന്നും ഇല്ലെങ്കിൽ ഇതിനു കാരണക്കാരായ ഉദ്യോഗസ്ഥർ ആരെല്ലാം എന്നും വ്യക്തമാക്കുമോ ? | | കമ്മീഷന്റെ പ്രവർത്തനത്തിന് ആവശ്യമായ സഹായ സഹകരണങ്ങൾ ഗവൺമെന്റിൽ നിന്നും ധനകാര്യ വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**